സൂറഃ-7

# അൽ അഅ്റാഫ്

وَلِلَّهِ ٱلْأَسْمَآءُ ٱلْحُسْنَىٰ فَٱدْعُوهُ بِهَا ۖ وَذَرُوا۟ ٱلَّذِينَ يُلْحِدُونَ فِىٓ أَسْمَٰٓئِهِۦ ۚ سَيُجْزَوْنَ مَا كَانُوا۟ يَعْمَلُونَ ﴿١٨٠﴾

وَمِمَّنْ خَلَقْنَآ أُمَّةٌ يَهْدُونَ بِٱلْحَقِّ وَبِهِۦ يَعْدِلُونَ ﴿١٨١﴾

**180.** അല്ലാഹുവിന് വിശിഷ്ട നാമങ്ങളുണ്ട്. ആ നാമങ്ങളാൽ തന്നെ അവനെ പ്രാർഥിക്കുവിൻ. അവന്റെ വിശിഷ്ട നാമങ്ങളിൽ വ്യതിചലിക്കുന്നവരെ വെടിയുവിൻ. തങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലം താമസിയാതെ അവർക്ക് ലഭിക്കുന്നതാകുന്നു.

**181.** സത്യപ്രകാരം ജനങ്ങളെ നയിക്കുകയും അതനുസരിച്ചുതന്നെ നീതിപാലിക്കുകയും ചെയ്യുന്ന ഒരു സമൂഹവും നാം സൃഷ്ടിച്ചവരിലുണ്ട്.

| | |
|---|---|
| وَلِلَّهِ | അല്ലാഹുവിനുണ്ട് |
| ٱلْأَسْمَآءُ ٱلْحُسْنَىٰ | ഏറ്റം നല്ല, വിശിഷ്ട നാമങ്ങൾ |
| فَٱدْعُوهُ | നിങ്ങൾ അവനെ പ്രാർഥിക്കുവിൻ |
| بِهَا | അത് (ആ നാമങ്ങളാൽ) കൊണ്ട് |
| وَذَرُوا۟ | നിങ്ങൾ വെടിയുവിൻ, വിട്ടുകളയുവിൻ |
| ٱلَّذِينَ يُلْحِدُونَ | വ്യതിചലിക്കുന്നവരെ, തെറ്റിക്കുന്നവരെ |
| فِىٓ أَسْمَٰٓئِهِۦ | അവന്റെ (വിശിഷ്ട) നാമങ്ങളിൽ |
| سَيُجْزَوْنَ | അവർക്ക് പ്രതിഫലം താമസിയാതെ നൽകപ്പെടും (ലഭിക്കുന്നതാകുന്നു) |
| مَا كَانُوا۟ يَعْمَلُونَ | അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ |
| وَمِمَّنْ خَلَقْنَآ | നാം സൃഷ്ടിച്ചവരിൽ (ഉണ്ട്)പെട്ടവരാകുന്നു |
| أُمَّةٌ | ഒരു സമൂഹം, പ്രസ്ഥാനം |
| يَهْدُونَ | അവർ മാർഗദർശനം ചെയ്യുന്നു, നയിക്കുന്നു |
| بِٱلْحَقِّ | സത്യപ്രകാരം |
| وَبِهِۦ | അതുകൊണ്ട് (അതനുസരിച്ചുതന്നെ) |
| يَعْدِلُونَ | അവർ നീതി പാലിക്കുകയും ചെയ്യുന്നു |

**180:** അല്ലാഹുവുമായി മനുഷ്യൻ ആദിയിൽ ചെയ്തതായി 172-ാം സൂക്തത്തിൽ പറഞ്ഞ ഉടമ്പടിയുമായിട്ടാണ് ഈ സൂക്തത്തിന്റെ ബന്ധം. പ്രപഞ്ചവിധാതാവ് അല്ലാഹു മാത്രമാകുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു എന്നായിരുന്നുവല്ലോ ഉടമ്പടി. അത് അനുസ്മരിപ്പിച്ച ശേഷം മനുഷ്യർ ആ സാക്ഷ്യത്തിന്റെ ദൃഷ്ടാന്തങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞുമാറി, ഭൗതികാസക്തികൾക്കടിപ്പെട്ട് കേവലം കാലികളുടെ പതനത്തിലെത്തുന്നതിനെക്കുറിച്ച് പറഞ്ഞു. അനന്തരം വിധാതാവ് അല്ലാഹു മാത്രമായിരിക്കുന്നതിന്റെ താൽപര്യം വിശദീകരിക്കുകയാണ്.

وَلِلَّهِ ٱلْأَسْمَآءُ ٱلْحُسْنَىٰ എന്ന വാചകത്തിന് അല്ലാഹുവിന് വിശിഷ്ട നാമങ്ങളുണ്ട് എന്ന പോലെ വിശിഷ്ട നാമങ്ങളൊക്കെയും അല്ലാഹുവിനുള്ളതാകുന്നു എന്നും അർഥമാവാം. രണ്ടർഥവും ഇവിടെ പ്രസക്തമാണ്. അല്ലാഹുവിന് വിശിഷ്ട നാമങ്ങളുണ്ട് എന്നതിന്റെ താൽപര്യമിതാണ്: അവന്റെ മഹത്വത്തിനും പ്രതാപത്തിനും ഇണങ്ങുന്ന വിശിഷ്ടമായ നാമങ്ങളാണ് അവനുള്ളത്. അവന്റെ ദൂതന്മാർ അത് നിങ്ങൾക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. ആ നാമങ്ങളിൽ വേണം അല്ലാഹുവിനെ വിളിക്കാനും പ്രാർഥിക്കാനും. അല്ലാഹുവിന്റെ ഔന്നത്യത്തിനും അതുല്യതക്കും ചേരാത്ത നാമങ്ങളിൽ അവനെ വിളിച്ചുകൂടാ. ഉദാ: പിതാവ്, പുത്രൻ, അപ്പൻ, മുത്തപ്പൻ, അമ്മ, കാളി, കൂളി, കുറമ്പ തുടങ്ങിയ പേരുകളിൽ അല്ലാഹുവിനെ വിളിക്കുക. അതുപോലെ ശരിയായ ദൈവനാമങ്ങളെ വക്രീകരിച്ച് വിളിക്കുന്നതും നിഷിദ്ധമാകുന്നു. ഉദാ: അല്ലാഹുവിനെ ലാത്ത (الله–لات) എന്നും മന്നാനിനെ മനാത്ത (منان–مناة) എന്നും അസീസിനെ ഉസ്സ (عزيز–عزى) എന്നുമാക്കി വിളിക്കുക. അറബികൾ ദൈവമാക്കി ആരാധിച്ചിരുന്ന പ്രധാന വിഗ്രഹങ്ങൾ ഈ പേരിലാണറിയപ്പെട്ടിരുന്നത്.

പേരിലടക്കം അല്ലാഹുവിന്റെ ഒരു കാര്യത്തിലും സൃഷ്ടികൾ കൈകടത്തിക്കൂടാ. അവനെക്കുറിച്ച് അവൻ എന്തു പറഞ്ഞുവോ അതിൽ ഒതുങ്ങിനിൽക്കണം സൃഷ്ടികൾ. അഗോചരനായ അല്ലാഹുവിന്റെ കാര്യങ്ങൾ സൃഷ്ടികൾ സ്വേഛാനുസാരം തീരുമാനിക്കുന്നതിൽനിന്നാണ് ബഹുദൈവത്വത്തി

ന്റെയും ദൈവനിഷേധത്തിന്റെയും ഉത്ഭവം. അല്ലാഹുവിനെ സ്വയം നിർവചിക്കുമ്പോൾ അത് അല്ലാഹുവിന്റെ കാര്യങ്ങളിൽ സ്വയം പങ്കുചേരലോ മറ്റുള്ളവരെ പങ്കുചേർക്കലോ ആയിത്തീരുന്നു. അല്ലാഹുവിനെ നമുക്കിഷ്ടമുള്ള പേരുകളിലൊക്കെ വിളിക്കാമെന്നു വെച്ചാൽ നമുക്കിഷ്ടമുള്ള രൂപങ്ങളിലൊക്കെ അവനെ സങ്കൽപിക്കാമെന്നും വരുന്നു. പിന്നെ ആ സങ്കൽപങ്ങൾ പദാർഥങ്ങളിൽ സാക്ഷാത്കരിക്കുകയായി. അങ്ങനെയാണ് വിഗ്രഹങ്ങൾ ഉണ്ടാകുന്നത്. വെറും പേരിലെടുക്കുന്ന സ്വാതന്ത്ര്യം ദൈവത്തെ എത്ര പെട്ടെന്നാണ് നിർജീവ ശിലാഖണ്ഡമാക്കി മാറ്റുന്നതെന്ന് നോക്കുക. അല്ലാഹുവിന് അല്ലാഹു നിർദേശിച്ച പേരുകളൊന്നും പദാർഥാധിഷ്ഠിതമല്ല; ആശയാധിഷ്ഠിതമാകുന്നു എന്നത് ശ്രദ്ധേയമാകുന്നു.

അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങൾ -ٱلْأَسْمَآءُ ٱلْحُسْنَىٰ- തൊണ്ണൂറ്റി ഒമ്പതെണ്ണമാണെന്ന് ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. പ്രവാചകൻ (സ) പ്രസ്താവിച്ചതായി അബൂഹുറയ്റ(റ)യിൽനിന്ന് ബുഖാരിയും മുസ്‌ലിം ഉദ്ധരിക്കുന്നു: إنّ للّه تسعا وتسعين اسما مئة الا واحدة من أحصاها دخل الجنة وهو وتر يحبّ الوتر (അല്ലാഹുവിന് തൊണ്ണൂറ്റി ഒമ്പത് നാമമുണ്ട്. നൂറിൽ ഒന്ന് കിഴിവ്. അത് ക്ലിപ്തപ്പെടുത്തുന്നവൻ സ്വർഗസ്ഥനാകും. അവൻ ഒറ്റയാകുന്നു. ഒറ്റയെ ഇഷ്ടപ്പെടുന്നു). അത് ക്ലിപ്തപ്പെടുത്തുക -أحصاها- എന്നു പറഞ്ഞതിന്റെ താൽപര്യം അത് കൃത്യമായി ഹൃദിസ്ഥമാക്കുകയും അതുൾക്കൊള്ളുന്ന ആശയങ്ങളെക്കുറിച്ച് ചിന്തിക്കുകയുമാണ്. ഇമാം തിർമിദി ഉദ്ധരിച്ച നിവേദനത്തിൽ നബി(സ) ഈ നാമങ്ങളെ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: هو الله الّذى لا اله الاهو (അവൻ അല്ലാഹുവാകുന്നു. അവനല്ലാതെ ദൈവമേതുമില്ല). الرّحمن (പരമകാരുണികൻ), الرّحيم (കരുണാവാരിധി), الملك (രാജാവ്), القدّوس (പരമപവിത്രൻ), السّلام (സമാധാനം), المؤمن (അഭയദായകൻ), المهيمن (സർവാതിശായി), العزيز (അജയ്യൻ), الجبّار (സർവാധിപതി), المتكبر (അത്യുന്നതൻ), الخالق (സ്രഷ്ടാവ്), البارئ (സൃഷ്ടികളെ ഉളവാക്കുന്നവൻ), المصوّر (രൂപദാതാവ്), الغفّار (ഏറ്റം പൊറുക്കുന്നവൻ), القهّار (അടക്കിവാഴുന്നവൻ), الوهّاب (എല്ലാം നൽകുന്നവൻ), الرزّاق (വിഭവദാതാവ്), الفتّاح (വിമോചകൻ), العليم (സർവജ്ഞൻ), القابض (പിടിച്ചെടുക്കുന്നവൻ), الباسط (വിസ്തൃതിയേകുന്നവൻ), الخافض (താഴ്ത്തുന്നവൻ), الرّافع (ഉയർത്തുന്നവൻ), المعزّ (പ്രതാപമേകുന്നവൻ), المذلّ (പതിത്വമേകുന്നവൻ), السّميع (സർവ ശ്രോതാവ്), البصير (സർവ ദ്രഷ്ടാവ്), الحكم (വിധികർത്താവ്), العدْل (നീതിമാൻ), اللطيف (ദയാമയൻ), الخبير (സൂക്ഷ്മജ്ഞൻ), الحليم (കനിവുള്ളവൻ), العظيم (മഹത്വമുള്ളവൻ), الغفور (പാപമുക്തിയരുളുന്നവൻ), الشكور (മൂല്യങ്ങൾ പരിഗണിക്കുന്നവൻ), الأعلى (ഉയർന്നവൻ), الكبير (വലിയവൻ), الحفيظ (പരിപാലകൻ), المقيت (അന്നദാതാവ്), الحسيب (വിചാരകൻ), الجليل (മഹാ തേജസ്വി), الكريم (അത്യുൽകൃഷ്ടൻ), الرّقيب (സർവ നിരീക്ഷകൻ), المجيب (എല്ലാവരുടെയും വിളിക്ക് ഉത്തരം നൽകുന്നവൻ), الواسع (പ്രവിശാലൻ), الحكيم (യുക്തിപൂർണൻ), الودود (സ്നേഹോഷ്മളൻ), المجيد (മഹത്വമുള്ളവൻ), الباعث(ഉയിർത്തെഴുന്നേൽപിക്കുന്നവൻ), الشهيد (കർമസാക്ഷി), الحق (പരമസത്യം), الوكيل (കൈകാര്യകർത്താവ്), القويّ (സർവശക്തൻ), المتين (സുദൃഢൻ), الوليّ (രക്ഷകൻ), الحميد (സ്തുതിയൻ), المحصي (എല്ലാം കൃത്യമായി കണക്കാക്കുന്നവൻ), المبْدأ (ആരംഭിക്കുന്നവൻ), المعيد (ആവർത്തിക്കുന്നവൻ), المحيي (ജീവിപ്പിക്കുന്നവൻ), المميت (മരിപ്പിക്കുന്നവൻ), الحيّ (നിത്യജീവത്തായവൻ), القيّوم (എല്ലാം നിലനിർത്തുന്നവൻ), الواجد (സ്നേഹമയൻ), الماجد (മഹത്വമുടയവൻ), الواحد (ഏകൻ), الاحد (അഖണ്ഡനും അവിഭാജ്യനുമായ ഏകൻ), الفرْد (ഒരേയൊരുവനായുള്ളവൻ), الصّمد (അനന്തമായി നിലനിൽക്കുന്നവൻ), القادر (എന്തിനും കഴിവുള്ളവൻ), المقتدر (എല്ലാം നിശ്ചയിക്കുന്നവൻ), المقدم (മുന്തിക്കുന്നവൻ), المؤخّر (പിന്തിക്കുന്നവൻ), الأوّل (ആദി), الآخر (അന്ത്യം), الظّاهر (പുറം), الباطن (അകം), الوالى (കാര്യനിർവാഹകൻ), المتعالى (അത്യുന്നതൻ), البرّ (നന്മ വർഷിക്കുന്നവൻ), التوّاب (പിഴച്ചുപോയവരെ വീണ്ടെടുക്കുന്നവൻ), المنتقم (ശിക്ഷിക്കുന്നവൻ), العفوّ (മാപ്പരുളുന്നവൻ), الرّؤوف (കനിവുറ്റവൻ), مالك الملك (രാജാധിരാജൻ), ذوالجلال والاكرام (തേജസ്സും മഹത്വവുമുടയവൻ), المقسط (നീതി സ്ഥാപകൻ), الجامع (എല്ലാം ഉൾക്കൊള്ളുന്നവൻ), الغنيّ (സ്വയം പര്യാപ്തൻ), المانع (വിലക്കുന്നവൻ), الضّار (ക്ലേശമുളവാക്കുന്നവൻ), النّافع (ഉപകാരകർത്താവ്), النّور (വെളിച്ചം), الهادى (മാർഗദർശകൻ), البديع (ആവിഷ്കർത്താവ്), الباقى (എന്നെന്നും ശേഷിക്കുന്നവൻ), الوارث (എല്ലാറ്റിന്റെയും അവകാശി), الرّشيد (മാർഗദർശകൻ), الصّبور (എല്ലാം ക്ഷമിക്കുന്നവൻ).”

ചില നിവേദനങ്ങളിൽ പറയുന്ന ചില നാമങ്ങൾ മുകളിൽ പറഞ്ഞതിൽനിന്ന് വ്യത്യസ്തമാണ്. എന്നാൽ അവയും അല്ലാഹുവിന്റെ നാമങ്ങളായിത്തന്നെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. 99 നാമങ്ങൾ എന്നു പറഞ്ഞത് നൂറോളം എന്ന അർഥത്തിലാവാം. നൂറിൽ അൽപം കൂടുതലോ കുറവോ ഉള്ളതിനും ആ വാക്ക് സാധുവാകും. ചില നിവേദനങ്ങളിൽ നൂറിലേറെ നാമങ്ങൾ പറയുന്നുണ്ട്. ഇബ്നുൽ അറബി 176 ദൈവിക നാമങ്ങൾ വരെ ഉദ്ധരിച്ചിരിക്കുന്നു. ഖുർആനിലും സുന്നത്തിലും വന്നിട്ടുള്ള ദൈവികനാമങ്ങൾ അല്ലാഹുവിന്റെ അചര നാമങ്ങളാണെന്ന് പണ്ഡിതന്മാർ സിദ്ധാന്തിച്ചിരിക്കുന്നു. അതായത് അവ മാറ്റാൻ പാടില്ലാത്തതും സുസ്ഥിരവുമാണ്. ഈ രണ്ട് പ്രമാണങ്ങളും പ്രസ്താവിച്ചിട്ടില്ലാത്ത നാമങ്ങളിൽ അല്ലാഹുവിനെ വിളിക്കാവതല്ല. ഉദാഹരണമായി, *അസ്സഖിയ്യ്* (ധർമിഷ്ഠൻ), *അൽ ആഖിൽ* (ബുദ്ധിമാൻ) തുടങ്ങിയ പദങ്ങൾ അർഥം കൊണ്ട് മോശമല്ലെങ്കിലും ദൈവനാമമായി ഉപയോഗിക്കാൻ അനുവാദമില്ല.

اسم-ന്റെ ബഹുവചനമാണ് أسماء. ഒരു കാര്യം തിരിച്ചറിയുന്നതിനുള്ള അടയാളമാണ് اسم. ഗുണം, വിശേഷണം എന്ന ആശയവും اسم-നുണ്ട്. ഈ സൂക്തത്തിൽ أسماء എന്നു പറഞ്ഞത് ഗുണനാമങ്ങളെ ഉദ്ദേശിച്ചാണെന്ന് ഹദീസുകൾ വിവരിക്കുന്ന നാമങ്ങളിൽനിന്ന് വ്യക്തമാകുന്നു. അല്ലാഹു സർവ സൽഗുണ സമ്പൂർണനാകുന്നു. അഥവാ സർവ സൽഗുണങ്ങളുടെയും സമ്പൂർണത അല്ലാഹുവിനു മാത്രമുള്ളതാണ്. ഈ ആശയം പരിഗണിച്ചാണ് وَلِلَّهِ ٱلْأَسْمَآءُ ٱلْحُسْنَىٰ-യെ ‘വിശിഷ്ട നാമങ്ങളൊക്കെയും അല്ലാഹുവിനുള്ളതാകുന്നു’ എന്ന് തർജമ ചെയ്യുന്നത്. ഇതനുസരിച്ച് അല്ലാഹുവിന്റെ ഔന്നത്യത്തെയും മഹത്വത്തെയും പ്രതിനിധാനം ചെയ്യുന്ന എല്ലാ നാമങ്ങളിലും അല്ലാഹുവിനോട് പ്രാർഥിക്കാവുന്നതാണ്. സൂറഃ *അൽ ഇസ്രാഅ്* 110-ാം സൂക്തത്തിൽ പറയുന്നു: قُلِ ٱدْعُوا۟ ٱللَّهَ أَوِ ٱدْعُوا۟ ٱلرَّحْمَـٰنَ أَيًّا مَّا تَدْعُوا۟ فَلَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ (പ്രവാചകൻ അവരോട് പറയുക: നിങ്ങൾ അല്ലാഹു എന്നു വിളിച്ചു പ്രാർഥിച്ചുകൊള്ളുക. അല്ലെങ്കിൽ പരമകാരുണികൻ എന്നു വിളിച്ചുകൊള്ളുക. ഏതു നാമം വിളിച്ചു പ്രാർഥിച്ചാലും കൊള്ളാം. വിശിഷ്ട നാമങ്ങളൊക്കെയും അവന്റേതുതന്നെയാണ്). എന്നാൽ അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങൾ മനസ്സിലാക്കുന്നതും തെരഞ്ഞെടുക്കുന്നതും ഖുർആനിൽനിന്നും സുന്നത്തിൽനിന്നുമായിരിക്കണം.

അല്ലാഹുവിന്റെ പേരുകളിൽ *അല്ലാഹു*, *റഹ്മാൻ* എന്നീ രണ്ടെണ്ണമൊഴിച്ചുള്ള പേരുകളിൽ അല്ലാഹുവല്ലാത്തവരെയും വിളിക്കാവുന്നതാണ്. എങ്കിലും ദൈവനാമങ്ങൾ മറ്റുള്ളവർക്ക് നാമകരണം ചെയ്യുമ്പോൾ *അബ്ദ്* (ദാസൻ) ചേർത്തു വിളിക്കുന്നതാണ് ഉത്തമം. അബ്ദുൽ കബീർ, അബ്ദുർറഹ്മാൻ എന്നിങ്ങനെ. അല്ലാഹു എന്ന നാമം തനിച്ച് സൃഷ്ടികളിൽ ആർക്കു നൽകുന്നതും ഏതവസ്ഥയിലും നിഷിദ്ധമാകുന്നു.

അല്ലാഹുവിനെ അവൻ നിശ്ചയിച്ച പേരുകളിലേ വിളിച്ചു പ്രാർഥിക്കാവൂ എന്നതിനുള്ള പ്രമാണമായി ഇമാം അഹ്മദ് പ്രവാചക(സ)ന്റെ ഒരു പ്രാർഥന ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു:

مَا أصاب أحد قط همّ ولا حزن فقال: اللَّهُمَّ إِنِّي عَبْدُكَ وَابْنُ عَبْدِكَ وَابْنُ أَمَتِكَ نَاصِيَتِي بِيَدِكَ مَاضٍ فِيَّ حُكْمُكَ عَدْلٌ فِيَّ قَضَاؤُكَ أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ سَمَّيْتَ بِهِ نَفْسَكَ أَوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ أَوْ أَنْزَلْتَهُ فِي كِتَابِكَ أَوِ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ أَنْ تَجْعَلَ الْقُرْآنَ رَبِيعَ قَلْبِي وَنُورَ صَدْرِي وَجِلَاءَ حُزْنِي وَذَهَابَ هَمِّي إِلَّا أَذْهَبَ اللَّهُ هَمَّهُ وَحُزْنَهُ وَأَبْدَلَهُ مَكَانَهُ فَرَجًا قَالَ فَقِيلَ يَا رَسُولَ اللَّهِ أَلَا نَتَعَلَّمُهَا فَقَالَ بَلَى يَنْبَغِي لِمَنْ سَمِعَهَا أَنْ يَتَعَلَّمَهَا

(ദുഃഖവും ക്ലേശവും ബാധിച്ചപ്പോൾ ഇങ്ങനെ പ്രാർഥിച്ച ആരുമില്ല- അല്ലാഹുവേ, നിന്റെ ദാസനാണ് ഞാൻ. നിന്റെ ദാസന്റെ മകൻ, ദാസിയുടെ മകൻ, എന്റെ ഉച്ചി നിന്റെ ഹസ്തത്തിലാകുന്നു. നിന്റെ ഭരണത്തിലാണത് കഴിയുന്നത്. എന്നിലുള്ള നിന്റെ വിധി നീതിയാകുന്നു. നീ സ്വയം സ്വീകരിച്ചതും നിന്റെ വേദത്തിലൂടെ ഇറക്കിയിട്ടുള്ളതും നിന്റെ സൃഷ്ടികളിലാരെയെങ്കിലും നീ പഠിപ്പിക്കുകയോ നിന്റെ പക്കലുള്ള അഭൗതികജ്ഞാനത്തിൽ തന്നെ സൂക്ഷിക്കുകയോ ചെയ്തിട്ടുള്ളതുമായ, നിനക്കുള്ള എല്ലാ നാമങ്ങളിലും ഞാൻ നിന്നോട് അർഥിക്കുന്നു: മഹത്തായ ഖുർആനെ നീ എന്റെ ഹൃദയത്തിന്റെ വസന്തവും മനസ്സിന്റെ വെളിച്ചവും ദുഃഖത്തെ നീക്കുന്നതും മനഃക്ലേശത്തെ പോക്കുന്നതുമാക്കേണമേ- അല്ലാഹു അയാളുടെ ദുഃഖത്തെയും മനോവിഷമത്തെയും പോക്കിക്കൊടുക്കുകയും തൽസ്ഥാനത്ത് അയാൾക്ക് തുറസ്സുണ്ടാക്കിക്കൊടുക്കുകയും ചെയ്യാതെ.' ചില ശിഷ്യന്മാർ ചോദിച്ചു: 'തിരുദൂതരേ, ഞങ്ങളീ പ്രാർഥന പഠിച്ചുകൊള്ളട്ടെയോ?' തിരുമേനി പറഞ്ഞു: 'പിന്നല്ലാതെ, കേട്ടവരൊക്കെയും അത് പഠിക്കേണ്ടതാണ്).

ٱلَّذِينَ يُلْحِدُونَ എന്ന വാക്കിനെയാണ് 'വ്യതിചലിക്കുന്നവരെ' എന്ന് തർജമ ചെയ്തിരിക്കുന്നത്. الحد (തെറ്റിച്ചു, ചായ്ച്ചു, നിഷേധിച്ചു) എന്നതിന്റെ വർത്തമാന ബഹുവചനമാണ് يُلْحِدُونَ. ഇതിന്റെ മൂലപദം لحد ആണ്. ഖബ്ർ കുഴിച്ച് അതിന്റെ ഒരു വശം തുരന്നുണ്ടാക്കുന്ന അടിഖബ്റാണ് ഭാഷാർഥത്തിൽ لحد. അതിനെ ആസ്പദിച്ച് മധ്യത്തിൽനിന്ന് വ്യതിചലിക്കൽ എന്ന അർഥമുണ്ടായി. പിന്നെ ശരിയും മിതവും മധ്യമവുമായതിൽനിന്ന് തെറ്റുക എന്ന അർഥത്തിൽ പ്രചുരമായി. കൂടാതെ അവമതിക്കുക, പവിത്രത ഹനിക്കുക എന്ന അർഥവും വന്നുചേർന്നു. الحد فى الحرم എന്നാൽ 'ഹറമിന്റെ പവിത്രത ലംഘിച്ചു' എന്നാണർഥം. അതനുസരിച്ച് يُلْحِدُونَ فِىٓ أَسْمَٰٓئِهِۦ എന്ന വാക്കാണ് അല്ലാഹുവിന്റെ നാമങ്ങളെ അനാദരിക്കുന്നവർ, അവഹേളിക്കുന്നവർ എന്നും അർഥമാവാം. അല്ലാഹുവിനിണങ്ങാത്ത ഗുണങ്ങൾ അവനിൽ ആരോപിക്കുന്നതും അവനിഷ്ടപ്പെടാത്ത പേരുകളിൽ അവനെ വിളിക്കുന്നതും അല്ലാഹുവിനോടുള്ള അനാദരവാകുന്നു. നാമങ്ങളിൽ വ്യതിചലിക്കുന്നതിന് രണ്ടു രൂപമുള്ളതായി ഇമാം റാഗിബ് പ്രസ്താവിച്ചിരിക്കുന്നു: ഒന്ന്, അല്ലാഹുവിന് ഒരിക്കലും ചേരാത്ത ഗുണങ്ങളാൽ അവനെ വിശേഷിപ്പിക്കുക. പങ്കാളി, പിതാവ്, പുത്രൻ തുടങ്ങിവ ഉദാഹരണം. രണ്ട്, അല്ലാഹുവിന്റെ ഗുണങ്ങളെ തന്നിഷ്ടപ്രകാരം വ്യാഖ്യാനിക്കുക. അല്ലാഹുവിന്റെ കാഴ്ചയെയും കേൾവിയെയുമൊക്കെ സൃഷ്ടികളുടെ കാഴ്ചക്കും കേൾവിക്കും തുല്യമായി മനസ്സിലാക്കുക. അല്ലാഹുവിന്റെ ഗുണങ്ങളെല്ലാം അത്യന്തം സമ്പൂർണമാണ്. സൃഷ്ടികളുടെ ഗുണങ്ങളാവട്ടെ അപൂർണവും ആപേക്ഷികവുമാണ്.

മറ്റു ചില പണ്ഡിതന്മാർ മൂന്നു രൂപം ചൂണ്ടിക്കാണിച്ചിരിക്കുന്നു: ഒന്ന്, അല്ലാഹുവിന്റെ പരിശുദ്ധ നാമത്തിൽ അവനല്ലാത്തവരെ വിളിക്കുക. വിഗ്രഹങ്ങളെ ദൈവമെന്നു വിളിക്കുന്നത് ഉദാഹരണം. രണ്ട്, ഭൂഷണമല്ലാത്ത നാമങ്ങളിൽ അവനെ വിളിക്കുക. ഉദാ: സംഹാരമൂർത്തി, മഹാദണ്ഡകൻ. മൂന്ന്, അർഥമറിഞ്ഞുകൂടാത്ത പദം കൊണ്ട് വിളിക്കുക. അത്തരം പദങ്ങളുടെ അർഥം ചിലപ്പോൾ അല്ലാഹുവിന്റെ വിശുദ്ധിക്കിണങ്ങാത്തതാവാനിടയുണ്ട്.

വിശിഷ്ട നാമങ്ങളിൽ അല്ലാഹുവിനെ വിളിച്ചു പ്രാർഥിക്കുക - فَٱدْعُوهُ بِهَا - എന്ന വാക്യത്തിൽ മൂന്നു കൽപനകളടങ്ങിയിരിക്കുന്നു: ഒന്ന്, മുകളിൽ പറഞ്ഞതുപോലെ പ്രാർഥിക്കുമ്പോൾ അത് വിശിഷ്ട നാമങ്ങൾ വിളിച്ചുകൊണ്ടായിരിക്കുക. രണ്ട്, ദൈവദാസന്മാർ നിരന്തരം ദൈവത്തോട് പ്രാർഥിച്ചുകൊണ്ടിരിക്കണം. മൂന്ന്, പ്രാർഥിക്കുന്നത് അല്ലാഹുവിനോടു മാത്രമായിരിക്കണം.

പ്രാർഥനാപൂർവമുള്ള വിളിയാണ് ادعوه എന്ന വാക്കിന്റെ വിവക്ഷ. പ്രത്യേക ആവശ്യമൊന്നും ഉന്നയിക്കാതെ ഭക്തിപൂർവം അവന്റെ നാമം വിളിച്ചുകൊണ്ടിരിക്കുന്നതും പ്രാർഥനയാണ്. ഉദാ: *യാ അല്ലാഹ്-യാ റഹ്മാൻ-യാ റഹീം* എന്നിങ്ങനെ. ഈമാൻ ദൃഢപ്പെടാനും അല്ലാഹു കൂടെയുണ്ടെന്ന ബോധം സദാ നിലനിൽക്കാനും അവനിലുള്ള പ്രതീക്ഷ വളരാനും ഭൗതികാസക്തികൾ തളരാനും അത് സഹായകമാകുന്നു. പ്രതിസന്ധിഘട്ടങ്ങളിൽ ഉരുവിടാനായി നബി(സ) പഠിപ്പിച്ച പ്രാർഥനകളിലൊന്ന് ഇപ്രകാരമാണ്:

**لَا إِلَهَ إِلَّا اللَّهُ الْعَظِيمُ الْحَلِيمُ لَا إِلَهَ إِلَّا اللَّهُ رَبُّ الْعَرْشِ الْعَظِيمِ لَا إِلَهَ إِلَّا اللَّهُ رَبُّ السَّمَاوَاتِ وَرَبُّ الْأَرْضِ وَرَبُّ الْعَرْشِ الْكَرِيمِ**

(മഹോന്നതനും കനിവുറ്റവനുമായ അല്ലാഹുവല്ലാതെ ദൈവമില്ല. മഹദ് സിംഹാസനത്തിന്റെ നാഥനായ അല്ലാഹുവല്ലാതെ ദൈവമില്ല. അത്യുന്നത സിംഹാസനത്തിന്റെ നാഥനും ആകാശഭൂമികളുടെ വിധാതാവുമായ അല്ലാഹുവല്ലാതെ ദൈവമില്ല- ബുഖാരി, മുസ്‌ലിം).

سَيُجْزَوْنَ എന്നു തുടങ്ങുന്ന വാക്യത്തിലൂടെ ദൈവികഗുണങ്ങളെ അവമതിക്കുകയും അവനെ തെറ്റായ നാമങ്ങളിൽ വിളിക്കുകയും ചെയ്യുന്നവർ യാഥാർഥ്യം അംഗീകരിക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ, അതിൽ വിശ്വാസികൾ വേപഥു കൊള്ളേണ്ടതില്ല എന്നുണർത്തുകയാണ്. അവരെ അല്ലാഹു വിചാരണ ചെയ്തുകൊള്ളും. അവരുടെ കർമത്തിന് അർഹിക്കുന്ന പ്രതിഫലം നൽകുകയും ചെയ്യും.

**181:** എന്നാൽ മനുഷ്യരെല്ലാം ഒരുപോലെ, അല്ലാഹുവിന്റെ ഗുണങ്ങളെ അവമതിക്കുന്നവരും അവന്റെ സത്യദൃഷ്ടാന്തങ്ങൾ മനസ്സിലാക്കാതെ കാലികളെപ്പോലെ വാഴുന്നവരുമല്ല. അവരിൽ സത്യധർമങ്ങളനുസരിച്ച് ചരിക്കുന്നവരും മറ്റുള്ളവരെ സത്യത്തിലേക്ക് മാർഗദർശനം ചെയ്യുന്നവരും ഭൂമിയിൽ ദൈവികനീതി നടപ്പിലാക്കാൻ ശ്രമിക്കുന്നവരും ഉണ്ട്. അങ്ങനെയുള്ള ഏതാനും പേർ അങ്ങിങ്ങ് ഉണ്ടായിരിക്കുക മാത്രമല്ല, അവർ ഒരു *ഉമ്മത്ത്* അഥവാ പ്രസ്ഥാനമായി സംഘടിച്ചു നിലകൊള്ളുകയും ചെയ്യും. ഇത് നേരത്തേ 159-ാം സൂക്തത്തിൽ وَمِن قَوْمِ مُوسَىٰٓ أُمَّةٌ يَهْدُونَ بِٱلْحَقِّ وَبِهِۦ يَعْدِلُونَ എന്നു പറഞ്ഞതിനു സമാനമാണ്. മുഹമ്മദീയ പ്രവാചകത്വം വരെ ഇപ്പറഞ്ഞ പ്രസ്ഥാനം രൂപപ്പെട്ടിരുന്നത് പൂർവവേദങ്ങളുടെ വാഹകരിൽനിന്നായിരുന്നു. മുഹമ്മദ് നബി(സ)ക്കു ശേഷം ഉത്തമ സമൂഹം അദ്ദേഹത്തിന്റെ സമൂഹത്തിൽ ലയിച്ചു. ഇനി അന്ത്യനാൾ വരേക്ക് മുഹമ്മദീയ സമൂഹത്തിൽനിന്നാണ് ഈ സത്യധർമ പ്രസ്ഥാനത്തിന്റെ തുടർച്ചകൾ ഉയർന്നുവരേണ്ടത്. ഈ സൂക്തം വിശദീകരിച്ചുകൊണ്ട് റസൂൽ തിരുമേനി പ്രസ്താവിച്ചതായി റബീഉബ്നു അനസ് നിവേദനം ചെയ്യുന്നു: إنّ من أمتي قوما على الحق حتى ينزل عيسى بن مريم متى ما نزل (മർയമിന്റെ പുത്രൻ

ഈസാ ഇറങ്ങിവരുന്നതുവരെ- അദ്ദേഹം ഇറങ്ങുന്നതെപ്പോഴായാലും -എന്റെ സമുദായത്തിൽനിന്ന് സത്യത്തിൽ നിലകൊള്ളുന്ന ഒരു വിഭാഗം ഉണ്ടായിരിക്കും).

ഈ സൂക്തത്തെ പരാമർശിച്ച് പ്രവാചകൻ പറഞ്ഞതായി ഇബ്നു ജുറൈജിൽനിന്ന് ഇബ്നുൽ മുൻദിറും ത്വബരിയും ഉദ്ധരിക്കുന്നു: أمّتى بالحق يحكمون ويقضون ويأخذون ويعطون (ഇപ്പറഞ്ഞത് സത്യമനുസരിച്ച് ഭരിക്കുകയും വിധിക്കുകയും എടുക്കുകയും കൊടുക്കുകയും ചെയ്യുന്ന എന്റെ പ്രസ്ഥാനമാണ്). അതാണ് വിശ്വാസികളോട് അല്ലാഹു പറഞ്ഞത്:

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنكَرِ ۚ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿١٠٤﴾

(ജനത്തെ നല്ലതിലേക്ക് പ്രബോധനം ചെയ്യുകയും ധർമം കൽപിക്കുകയും അധർമം വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്നുണ്ടായിത്തീരട്ടെ. ഈ ദൗത്യം നിർവഹിക്കുന്നവർ വിജയം പ്രാപിക്കുന്നവർ തന്നെയാകുന്നു-3:104). മറ്റു പ്രവാചക സമഹങ്ങളെപ്പോലെ, മുഹമ്മദ് നബിക്കു ശേഷം മുസ്ലിം സമൂഹത്തിനും പല വ്യതിയാനങ്ങളും സംഭവിച്ചിട്ടുണ്ട്. അവർ അനേകം സംഘങ്ങളായി ഭിന്നിച്ചു. ഓരോ വിഭാഗവും ദീനുൽ ഇസ്ലാമിന് അവരവരുടേതായ വ്യാഖ്യാനങ്ങളും കർമരീതികളും അവതരിപ്പിച്ചു. എങ്കിലും ഇവക്കിടയിൽ യഥാർഥ ഇസ്ലാമിന്റെ വക്താക്കളും പ്രയോക്താക്കളുമായി ചില ഗ്രൂപ്പുകൾ എന്നുമുണ്ടായിരുന്നു. ഇന്നും ഉണ്ട്. നാളെയുമുണ്ടായിരിക്കും. അക്കൂട്ടരെ തിരിച്ചറിയാൻ പ്രവാചകൻ(സ) ചൂണ്ടിക്കാണിച്ച അടയാളം 'അല്ലാഹുവിന്റെ ഗ്രന്ഥവും എന്റെ ചര്യയും മുറുകെപ്പിടിച്ചവർ' എന്നാണ്. ■